## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3257

07.11.2019-ൽ മറുപടിക്ക്

### പൂന്തുറയിലെ മത്സ്യത്തൊഴിലാളിക്ക് നഷ്ടപരിഹാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | തിരുവനന്തപുരത്തെ പൂന്തുറയിൽ റ്റി.സി. 69/1532 ൽ താമസിച്ചിരുന്ന വിത്സൺ എന്ന മത്സ്യത്തൊഴിലാളിയുടെ പേരിലുള്ള ബോട്ടും മത്സ്യബന്ധനോപകരണങ്ങളും ഓഖി ദുരന്തത്തിൽ നഷ്ടപ്പെട്ട് ഏഴുപത്തിയഞ്ച് ലക്ഷം രൂപയുടെ നഷ്ടമുണ്ടായി എന്ന പരാതി ലഭിച്ചിരുന്നോ; | (എ) & (ബി) & (സി) | പരാതി ലഭിച്ചിരുന്നു. നഷ്ടപരിഹാരം നൽകിയിട്ടില്ല. കേരള അതിർത്തിയിലെ പൊഴിയൂർ തീരപ്രദേശങ്ങളിൽ ശ്രീ.വിൽസൺന്റെ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടമായത് സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ നിന്നും ഇത്തരത്തിൽ ഒരു ബോട്ട് പൊഴിയൂർ തീരപ്രദേശത്തു നിന്നും മത്സ്യബന്ധനത്തിന് പോകാറുള്ളതായോ ഓഖി ചുഴലി ക്കാറ്റിനോടനുബന്ധിച്ച് കാണാതായതായോ അറിയാൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നാണ് പൊഴിയൂർ പോലീസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസർക്കും ഇങ്ങനെയൊരു മത്സ്യബന്ധന യാനത്തെ കുറിച്ച് അറിവില്ലാത്തതാണ്. ടിയാന്റെ വള്ളത്തിന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഇല്ല. കൂടാതെ സംഭവം നടന്നു എന്ന് പറയപ്പെടുന്നത് തമിഴ് നാട് അധികാര പരിധിയിൽ വരുന്ന നീരോടി കൊല്ലംകോട് ഭാഗത്തായതിനാൽ തുടരന്വേഷണം നടത്തിയിട്ടില്ല എന്ന് വിഴിഞ്ഞം കോസ്റ്റൽ പോലീസും രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ടിയാന്റെ വള്ളം നഷ്ടമായതിന് വ്യക്തമായ തെളിവുകളില്ലാത്തതിനാലും കൂടാതെ രജിസ്റ്റർ ചെയ്യാത്ത വള്ളമായതിനാലുമാണ് ടിയാന് നഷ്ടപരിഹാരം നൽകിയിട്ടില്ലാത്തത്. |
| (ബി) | ഈ വ്യക്തിക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ; | | |
| (സി) | വിത്സൺ 22.5.19 ന് ക്യാൻസർ ബാധിതനായി നിര്യാതനായ സാഹചര്യത്തിൽ നഷ്ടപരിഹാരത്തുക അദ്ദേഹത്തിന്റെ ഭാര്യ വിദ്യാ വിത്സണ് നൽകുന്നതിന് അനുഭാവപൂർവ്വമായ തീരുമാനം കൈക്കൊള്ളുമോ എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ